**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 3761 **24.06.2014**- ൽ മറുപടിക്ക്

**പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ നൈറ്റ് വാച്ചർമാർ**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ഇ.കെ വിജയൻ :** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ**<br>(സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി) |
| എ) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ നൈറ്റ് വാച്ചർമാരുടെ ജോലിഭാരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) എങ്കിൽ ജില്ലാ സഹകരണ ബാങ്കുകളിലെ പോലെ പ്രാഥമിക സഹകരണ ബാങ്കുകളിലും നൈറ്റ് വാച്ചർമാരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) ജില്ലാ ബാങ്കുകളിൽ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നൈറ്റ് വാച്ചർമാരെ നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാലും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലെ നൈറ്റ് വാച്ചർമാർക്ക് അധിക ജോലി ഭാരം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിലും അവരെ ഷിഫ്റ്റ് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് നടപടി ആവശ്യമില്ലാത്തതാണ്. |
| സി) പ്രസ്തുത തസ്തിക മാറ്റത്തിന് നിലവിൽ നിയമ-സാങ്കേതിക തടസ്സങ്ങൾ ഉണ്ടോ എന്നറിയിക്കുമോ ; | (സി) തസ്തിക മാറ്റത്തിന് സഹകരണ നിയമത്തിലും ചട്ടത്തിലും വ്യവസ്ഥ ചെയ്തിട്ടില്ല. പ്രാഥമിക സഹകരണ ബാങ്കുകൾക്ക് അംഗീകരിച്ച് നൽകിയ ഫീഡർ കാറ്റഗറി റൂൾസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടെങ്കിൽ മാത്രമെ തസ്തിക മാറ്റം നടത്തുവാൻ കഴിയുകയുള്ളു. |
| ഡി) എങ്കിൽ സഹകരണ നിയമങ്ങളിൽ ഭേദഗതി നടത്തി പ്രാഥമിക സഹകരണ സംഘങ്ങളിൽ നൈറ്റ് വാച്ചർമാരെ നിയമിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) പ്രാഥമിക സഹകരണ സംഘങ്ങളിൽ നൈറ്റ് വാച്ചർമാരെ നിയമിക്കുന്നതിന് നിലവിൽ കേരള സഹകരണ സംഘം ചട്ടത്തിൽ വ്യവസ്ഥയുള്ളതാണ്. |

**സെക്ഷൻ ഓഫീസർ**